# ഇതളുകൾ

## ജി എച്ച് എസ് കൊളപ്പുറം




# ജി എച്ച് എസ് കൊളപ്പുറം



HEADMISTRESS

# DALY K P

# ആശംസ

പ്രിയ വിദ്യാർത്ഥികളേ.........
നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ **ഇതളുകൾ** തികച്ചും അഭിനന്ദനാർഹമായ ഒരു പ്രവർത്തനമാണ്. വ്യക്തിപരമായി എനിക്കും അഭിമാനിക്കാവുന്ന ഒരു സന്ദർഭവും കൂടിയാണ്. വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി വിദ്യാർത്ഥികൾ തയ്യാറാക്കിയ അഭിമാനാർഹമായ ഈ നേട്ടം ഈ രംഗത്തെ വരാനിരിക്കുന്ന വിസ്മയാവഹമായ വലിയ നേട്ടങ്ങളുടെ ഒരു എളിയ തുടക്കം മാത്രമാണ്. വിവരസാങ്കേതിക വിദ്യ അനുദിനം പരിഷ്കരിച്ചു കൊണ്ടിരിക്കുന്ന വർത്തമാന കാലത്ത് അതിനൊപ്പം വളരുക എന്നത് അത്യന്തം ശ്രദ്ധേയോദർക്കമായ ഒരു അനിവാര്യത കൂടിയാണ്. ഇതിന് പിന്നിൽ പ്രവർത്തിച്ച എന്റെ കുട്ടികൾക്കും , അധ്യാപക സുഹൃത്തുക്കൾക്കും അനുമോദനങ്ങൾ അറിയിച്ചുകൊണ്ട്.....

**ഡാലി**
**പ്രധാനാധ്യാപിക**



# Littlekites Batch
# 2022 - 2025

# ആശംസ

കുട്ടികളുടെ സർഗശേഷി ക്രിയാത്മകമായി വിനിയോഗിച്ചുകൊണ്ട് അവരുടെ താളവും, വർണ്ണവും ഭാവനകളും, ഇതൾ വിടർത്തി തയ്യാറാക്കിയ ഒരു ഡിജിറ്റൽ മാഗസിൻ ആണിത്. സർഗ്ഗശേഷി എന്നത് ഈ ഡിജിറ്റൽ യുഗത്തിൽ വളരെ വിപുലമായ അർത്ഥം കണ്ടെത്തുന്ന ഒന്നാണെന്ന് നമുക്കറിയാം. ചിത്രം വരയ്ക്കുന്നതും, കഥയെഴുതുന്നതും, കവിത എഴുതുന്നതും അതിനെ ഡോക്യുമെന്റ് ചെയ്യുന്നതും അവതരിപ്പിക്കുന്നതും സർഗാത്മകമായ ഒരു പ്രവർത്തനമായി മാറ്റുവാൻ ഇന്നത്തെ ഈ ഡിജിറ്റൽ യുഗത്തിൽ കുട്ടികൾക്ക് കഴിയുന്നുണ്ട്. ഇത്തരത്തിലുള്ള ഓരോ പ്രവർത്തനങ്ങളും വളരെ മികവുറ്റ രീതിയിൽ അവരെ ചെയ്യാൻ പ്രാപ്തരാക്കുക എന്നതാണ് ഈ ഡിജിറ്റൽ മാഗസിനിലൂടെ ഉദ്ദേശിക്കുന്നത്.കൂടുതൽ മികവാർന്ന പ്രവർത്തനങ്ങൾ ചെയ്യുവാനുള്ള അവരുടെ പ്രാപ്തിയെ വർധിപ്പിക്കുവാൻ ഇത്തരം പ്രവർത്തനങ്ങളിലൂടെ അവർക്ക് സാധിക്കട്ടെ. ആകാശത്തിലെ വർണ്ണ പട്ടങ്ങളെ പോലെ കൂടുതൽ ഉയരങ്ങളിലേക്ക് പറക്കാൻ അവർക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു..

**കൈറ്റ് മിസ്ട്രസ്**

സതി വിവി



സിന്ധു ഹാസിനി



# നൂറിന്റെ നിറവിൽ ജി എച്ച് എസ് കൊളപ്പുറം

## ചരിത്രത്തിലൂടെ.....................

മലപ്പുറം ജില്ലയിലെ അബ്ദുറഹ്മാൻ നഗർ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കൊളപ്പുറം ഗവൺമെന്റ് ഹൈസ്കൂൾ ഈ വർഷം നൂറിന്റെ നിറവിലാണ്. 1924 ൽ പുള്ളിശ്ശേരി മൊയ്തീൻ എന്നിവരുടെ പീടിക കെട്ടിടത്തിലാണ് ഈ വിദ്യാലയം ആദ്യമായി ആരംഭിച്ചത് . പിന്നീട് പല ഗ്രാന്റുകളും കൈപ്പറ്റി പൊതുജനങ്ങളുടെ സഹായത്തോടെ ഇത് പ്രസ്തുത കെട്ടിടത്തിൽ നിന്നും മാറി കൊളപ്പുറം അങ്ങാടി റോഡിന്റെ പടിഞ്ഞാറുവശത്ത് പരേതനായ കെ ടി മുഹമ്മദ് സാഹിബിന്റെ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു പ്രഥമ അധ്യാപകനായ മൂസ മാസ്റ്ററുടെ നേതൃത്വത്തിൽ ഒരു സമൂഹത്തിനു മുഴുവൻ വെളിച്ചം പകർന്നുകൊണ്ട് വിദ്യാലയം അതിന്റെ പ്രയാണം തുടർന്നു. തുടക്കത്തിൽ ഇതൊരു ലോവർ പ്രൈമറി സ്കൂൾ ആയിരുന്നു 1960ൽ പ്രസ്തുത കെട്ടിടം വേണ്ടത്ര സുരക്ഷിതമല്ലെന്ന് കണ്ടെത്തിയതോടെ സർക്കാറിന്റെ സഹായത്തോടെ 1978 ൽ നിർമ്മാണം ആരംഭിച്ചു .1980 ൽഅന്നത്തെ വനം വകുപ്പ് മന്ത്രിയായിരുന്ന ശ്രീ ആര്യാടൻ മുഹമ്മദ് പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു . ഇതിലൂടെ കൊളപ്പുറം പ്രദേശത്തിന്റെ ചിരകാലഅഭിലാഷം പൂവണിഞ്ഞു .പിന്നീട് ഈ വിദ്യാലയം പ്രൈമറിയിൽ നിന്ന് അപ്പർ പ്രൈമറി തലത്തിലേക്ക് ഉയർത്തി.



2013 ൽ ഈ വിദ്യാലയം ആർ എം എസ് എ പദ്ധതി പ്രകാരം ഹൈസ്കൂൾ ആയി ഉയർത്തി. അന്നത്തെ ഐ ടി വകുപ്പ്

മന്ത്രിയായിരുന്ന പി കെ കുഞ്ഞാലിക്കുട്ടി ഹൈസ്കൂളിന്റെ ഉദ്ഘാടനം നിർവഹിച്ചു . തുടക്കം മുതൽ തുടർച്ചയായ എസ്എസ്എൽസി പരീക്ഷയിൽ 100 മേനി വിജയം കൊയ്യാൻ വിദ്യാലയത്തിന് കഴിഞ്ഞു .കഴിഞ്ഞ വർഷം മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ശ്രമഫലമായി 10 ക്ലാസ് മുറികളോട് കൂടിയ കെട്ടിടം  കൂടി ഉദ്ഘാടനം ചെയ്തു . കമ്പ്യൂട്ടർ ലാബ് ,സയൻസ് ലാബ്
സ്മാർട്ട് ക്ലാസ് റൂമുകൾ, ലൈബ്രറി തുടങ്ങിയവയെല്ലാം ഈ വിദ്യാലയത്തിന്റെ മേന്മകളാണ് .



ജനപ്രതിനിധികളുടെയും സാമൂഹ്യപ്രവർത്തകരുടെയും ഇടപെടലുകൾ ഈ വിദ്യാലയത്തിന്റെ വളർച്ചക്ക് കാരണമായിട്ടുണ്ട്. ഇന്ന് ആയിരത്തിലധികം കുട്ടികളും 60ൽ പരം അധ്യാപക അനധ്യാപകരും അടങ്ങിയ ഒരു അറിയപ്പെടുന്ന വിദ്യാലയമാണ് ഗവൺമെന്റ് ഹൈസ്കൂൾ കൊളപ്പുറം .

# എന്നിലെ ഓർമ്മകൾ

അത്,
മായിക്കുവാൻ നിനക്ക് സാധ്യമല്ലല്ലോ
എന്തിന് ഞാൻ പരിഭ്രമിക്കണം
എന്നിൽ
നീ മാത്രമല്ലേ ഉള്ളൂ
അല്ലെങ്കിലും.
മറക്കുവാൻ എളുപ്പം നിനക്ക് തന്നെയാകും
നീ തന്ന മഞ്ചാടിക്കുരു
മഷി തീരരുതേഎന്നാഗ്രഹിച്ച്
തൊടാതെ വെച്ച പേനകൾ .......
വർണ്ണക്കടലാസിൽ പൊതിഞ്ഞു തന്ന
ഞാൻ അമൃത് പോലെ തിന്ന മിഠായികൾ
പ്രേമം പകർന്നപ്പോൾ
മുറിഞ്ഞുപോയ ചുവന്ന ചുണ്ടുകൾ
നീ മാത്രം നിറഞ്ഞ എന്റെ ഡയറിത്താളുകൾ
പറ,
ഇതൊക്കെയും എന്നിലല്ലേ
നിന്നിൽ ഞാനില്ലല്ലേ,
ഓർക്കുവാൻ.........
ഒരു പക്ഷേ എന്നിൽ അത് എന്തിന്
നിലച്ചിടണം

**ഉമ്മർ പി സി**
**9 C**

# ജീവിതത്തിലെ മരണം...!

ഒരു കുഞ്ഞു കരച്ചിൽ പടർന്നു....! ലാബ് റൂമിന്റെ വാതിൽ മെല്ലെ തുറന്നു. പെൺകുട്ടിയാണ് 'congratulation' സിസ്റ്ററുടെ കൈയിലെ ഞാൻ അച്ഛന്റെ അടുത്തേക്ക്... ആ പൂമുഖത്തെ അധരങ്ങളിൽ പുഞ്ചിരി വിടർന്നു.മ്മ്... താനൊരു അച്ഛനായി എന്നുള്ള സന്തോഷത്തിൽ ആണെന്ന് തോന്നുന്നു..പക്ഷേ ആ ചിരിക്കൊരു എന്നെന്നേക്കുമായി ഒരു കണ്ണീർ ദിനങ്ങൾ ഉണ്ടാവുമെന്ന് അറിയില്ലായിരുന്നു....പെട്ടെന്ന് വാതിൽ തുറന്നു പുറത്തോട്ട് വന്ന സിസ്റ്ററുടെ മുഖത്തെ ആ ഒരു വെപ്രാളം കണ്ടപ്പോ... അച്ഛൻ ഒന്നു ഭയന്നു..! അതെ നിങ്ങളെ ഡോക്ടർ വിളിക്കുന്നുണ്ട്...അച്ഛൻ എന്നെ അമ്മൂമ്മയുടെ കയ്യിൽ ഏൽപ്പിച്ചു മെല്ലെ ഡോക്ടറുടെ റൂമിലോട്ട് അടുത്തു.... പെട്ടെന്ന് വാതിൽക്കൽ ഒരു നിപ്പ് എന്നെ ആരോ പിടിച്ചു വെച്ചത് പോലെ.... എന്തെന്നില്ലാത്ത എന്റെ മനസ്സിൽ എന്റെ പ്രാണസഖി വേർപിരിഞ്ഞോ എന്നൊരു ചിന്ത.....റൂമിൽ കയറി..

docter: ഇരിക്കു

ഞാനവിടെ ഇരുന്നു.. ഡോക്ടറുടെ മുഖം കണ്ടപ്പോൾ എനിക്കെന്തോ എന്റെ ജീവന്റെ പാതിപോയ വേദന

docter: ഒരുപക്ഷേ നിങ്ങളുടെ വിധി ഇതായിരിക്കും ഞാൻ ഈ ജോലി ചെയ്യ്തിട്ട് 10 വർഷമായി ഒരിക്കലും എന്റെ ഒരാളുടെയും ജീവൻ പോയിട്ടില്ല `I am sorry' പരിശ്രമിച്ചു പക്ഷേ രക്ഷിക്കാൻ ആയില്ല

എന്തോ എന്നെ കണ്ണീരിനെ എനിക്ക് അടക്കി നിർത്താൻ ആയില്ല മുഖത്തുകൂടെ വീഴുകയാണ്... ഞാൻ അവിടുന്ന് ജീവന്റെ പാതിപോയ വേദനയിൽ എഴുന്നേറ്റ് മുറിയിൽ നിന്നിറങ്ങി

ഉറക്കെ പൊട്ടിക്കരഞ്ഞു......14 വർഷമായി എന്റെ കല്യാണം കഴിഞ്ഞിട്ട് ഇന്നേവരെ അതെനിക്ക് ദൈവം തന്നിട്ടില്ല ഒരു കുഞ്ഞില്ലാത്ത വേദന അവൻ എന്നും സ്വപ്നങ്ങളിലൂടെ കാണാറുണ്ടായിരുന്നു. ചിലപ്പോൾ അവനു തോന്നിപ്പോകും ദൈവം ഇത്രയും ക്രൂരൻ ആണെന്നും...ഏതൊരു പെണ്ണും ആഗ്രഹിച്ചുപോകും താനൊരു അമ്മയാകുന്ന ദിനം... എന്നാൽ ഇന്ന് എന്റെ ഭാര്യക്ക് രണ്ടുമാസമാണ് ദൈവാനുഗ്രഹം നാം ജനിക്കും മുമ്പേനമുക്ക് വേണ്ടി ജീവിച്ചവരുമാണ് മാതാപിതാക്കൾ നാം ഓരോരുത്തരുടെയും കടപ്പാട്.... ജീവിക്കുക നമ്മുടെ വേണ്ടപ്പെട്ടവരെ കൈകോർത്ത് അവരുടെ സന്തോഷത്തിന്റെ ഓരോ കാരണമായി മാറുക. ജീവിതം വളരെ നീണ്ടതാണ് പക്ഷേ ഒരു ചെറിയ സമയം കൊണ്ട് മാതാപിതാക്കൾക്ക് വേണ്ടി മാറ്റിവെക്കുക. അതാണ് ആ ചെറിയ സമയത്തിന്റെ വലിയ സ്നേഹത്തിന്റെ പങ്ക് . ഇന്ന് നമ്മുടെ സമൂഹത്തിൽ വൃദ്ധസദനങ്ങൾ കൂടുകയാണ് . വൃദ്ധസദനങ്ങളെ വളരാതിരിക്കാൻ നാം ഓരോരുത്തരും മാതാപിതാക്കളുടെ കൈകോർക്കുക......

നാജിയ സി

9A

# യാത്രാവിവരണം

## മനം മയക്കും ഗവി

ആനവണ്ടിയുടെ സൈഡ് സീറ്റിൽ ഇരുന്ന് യാത്ര ചെയ്യാൻ ഇഷ്ടപ്പെടാത്ത മലയാളികൾ കുറവായിരിക്കും , അതും ഇരുസൈഡിലും നല്ല പച്ചവിരിച്ച മരങ്ങൾ തിങ്ങി നിറഞ്ഞ കാട്ടിനുള്ളിലൂടെ ആവുമ്പോഴോ??

ഓർഡിനറി എന്ന മലയാള സിനിമ സമ്മാനിച്ച ഒരടിപൊളി ഹൈറേഞ്ച് ടൂറിസ്റ്റ് സ്പോട്ടാണ് ഗവി. ആർട്ടിഫിഷ്യൽ വിനോദ സഞ്ചാര കേന്ദ്രങ്ങളെക്കാൾ പ്രകൃതിയെയും പച്ചപ്പിനേയും ഇഷ്ടപ്പെടുന്ന ഒരു വ്യക്തിയാണ് ഞാൻ. കൂടുതൽ പേരും അങ്ങനെ ആയിരിക്കും. സെമസ്റ്റർ തിരക്കുകളിൽ നിന്ന് ഒരു റിഫ്രഷ്മെന്റ് ആവശ്യമായിരുന്നു, അതിനാൽ തന്നെ ഇത്തവണ ഒരുപാടുനാൾ പോകാൻ കൊതിച്ച ഗവിയിലേക്ക് തന്നെ ആകാമെന്ന് തീരുമാനിച്ചു. കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ നിന്നാണ് യാത്ര ആരംഭിക്കുന്നത് , ഞാനും റസാഖും ഭക്ഷണമൊക്കെ കഴിച്ചു സ്റ്റേഷനിൽ എത്തി , എല്ലാ പ്രാവശ്യവും പോസ്റ്റാക്കാറുള്ള ഖലീൽ അധികം താമസിയാതെ തന്നെ എത്തിച്ചേർന്നു. മലബാർ എക്സ്പ്രസും ശനിയാഴ്ചയും ആയതിനാൽ സീറ്റ് കിട്ടുന്നകാര്യത്തിൽ ഒരു പ്രതീക്ഷയും ഇല്ലായിരുന്നു. പത്തനംതിട്ട ജില്ലയിലെ ഏക സ്റ്റേഷൻ ആയ തിരുവല്ലയിലേക്ക് ടിക്കറ്റ് എടുത്തു .കോഴിക്കോട് നിന്ന് ബസ്സ് കയറി നേരെ പത്തനംതിട്ട പോയി ഇറങ്ങിയാൽ മതി സുഖമായി ഉറങ്ങി യാത്ര ചെയ്യാം, പക്ഷേ ചിലവ് കുറക്കാൻ ട്രെയിൻ തന്നെയാണ് ബെസ്റ്റ് എന്ന് തോന്നി . ഒരു ബർത്തിൽ മൂന്നാളും കൂടി കഷ്ടിച്ച് എങ്ങനെയോ കിടന്നും ഇരുന്നും രാത്രിയെയും യാത്രയെയും തള്ളി നീക്കി . പുലർച്ചെ മൂന്ന് മണിക്ക് തിരുവല്ല എത്തി. സ്റ്റേഷനിൽ നിന്ന് അല്പം നടക്കാനുണ്ട് ബസ്സ്റ്റാന്റിലേക്ക്. അല്പം നടന്നു നോക്കിയെങ്കിലും നായകളുടെ ഓരിയിടലും പരിചയമില്ലാത്ത



സ്ഥലമായതിനാലും ഓട്ടോറിക്ഷ വിളിക്കേണ്ടി വന്നു. പിന്നെ പ്രതീക്ഷയോടെ ഒരു നീണ്ട കാത്തിരിപ്പായിരുന്നു. പത്തനംതിട്ടയിലേക്ക് അവിടുന്ന് ഒരു മണിക്കൂർ യാത്രയുണ്ട്. ബസ്സ് ഇപ്പോൾ വരുമെന്ന കാത്തിരിപ്പിനൊപ്പം നല്ല മഴയും പെയ്യാൻ തുടങ്ങി. തിരുവല്ല ബസ്റ്റാന്റിന് പുറത്തുള്ള തട്ടുകടയിൽ നിന്ന് ചായയും കുടിച്ച് അങ്ങനെ ഇരുന്നു . വൈകിയാണ് ആ സത്യം മനസ്സിലാക്കിയത് പത്തനംതിട്ടയിലേക്കുള്ള ഒരുപാട് ബസ്സുകൾ ഓട്ടുന്നില്ല.. ഗവിയിലേക്ക് പോകുന്ന ഏതൊരു യാത്രക്കാരനെയും അലട്ടുന്ന പ്രശ്നമാണ് ബസ്സ് മിസ്സാകുമോ എന്ന ഭയം. കാരണം രണ്ട് ബസ്സ് സർവീസ് മാത്രമാണ് പത്തനംതിട്ടയിൽ നിന്നും ഗവിയിലേക്കുള്ളത് രാവിലെ 6.30ന് പിന്നെ ഉച്ചക്ക് 12.30നും , അവസാനശ്രമമെന്നോണ ം കാണുന്ന വാഹനങ്ങൾക്കെല്ലാം കൈകാണിച്ചു ബട്ട് നൊ രക്ഷ , പ്ലാൻ ചെറുതായി ഒന്ന് മാറ്റേണ്ടി വന്നു അടുത്ത് കണ്ട പള്ളിയിൽ കയറി , ഫോൺ ചാർജ്ജിനിട്ട് നന്നായി ഒന്നുറങ്ങി , ഇനിയും കിടന്നാൽ



അടുത്തബസ്സും മിസ്സാകുമെന്ന് തോന്നി അവിടെ ഉണ്ടായിരുന്ന ജാർഖണ്ഡ് സ്വദേശിയായ ഇമാമിനോട് അറിയാവുന്ന ഹിന്ദിയും ആംഗ്യഭാഷയും എല്ലാം പ്രയോഗിച്ചു ബാത്റൂമിലെ താക്കോൽ ഒപ്പിച്ചു ഫ്രഷായി ,ബ്രേക്ഫാസ്റ്റും കഴിച്ചു നേരെ പത്തനംതിട്ടയിലേക്ക് , പൊട്ടിപ്പൊളിഞ്ഞ ഒരു ബസ്സ്റ്റാന്റ് ആയിരുന്നു , ഒരുമണിക്കൂർ മുന്നേ എത്തിയ ആവേശത്തിൽ അടുത്തു കണ്ട മലമുകളിൽ കയറിയാലോ എന്ന് ചോദിച്ചു , സൂര്യന്റെ ബ്രൈറ്റ്നസ്സ് അല്പം കൂടിയതിനാൽ ആ ഉദ്യമനത്തിനു മുതിർന്നില്ല .ആറുമണിക്കൂർ ദൈർഘ്യമുള്ള യാത്രയായതിനാൽ മുന്കരുതലെന്നോളം ചിപ്സും വാട്ടര്ബോട്ടിലും വാങ്ങി. കാത്തിരിപ്പിനൊടുവിൽ ജംഗിൾ റൈഡർ എന്ന പേരൊക്കെ എഴുതി നമ്മുടെ കുട്ടിക്കൊമ്പൻ സ്റ്റാൻഡിൽ പാർക്ക് ചെയ്തു. 28 സീറ്റ് മാത്രമുള്ള ചെറിയ ബസ്സ് , നേരത്തെ കയറി സീറ്റ് പിടിച്ചതിനാൽ ഭാഗ്യം. നല്ല തിരക്ക് തന്നെ, മോശമല്ലാത്ത വേഗതയിൽ ബസ്സ്കുതിച്ചു ചിറ്റാർ എത്തിയപ്പോൾ ഏകദേശം ആളുകളൊക്കെ ഇറങ്ങി, പിന്നെ സീതാതോട്ടം കഴിഞ്ഞു ആങ്ങമുഴി എത്തിയപ്പോൾ ഡ്രൈവർ ബ്രേക്ക് ആഞ്ഞു ചവിട്ടി,

അല്പസമയം ഭക്ഷണത്തിനും മറ്റുംവേണ്ടിയുള്ള നിറുത്തലാണ്, അടുത്തുകണ്ട പള്ളിയിൽ പോയി വേഗം നമസ്കരിച്ചു, ബസ് എടുക്കുമെന്ന് കണ്ടപ്പോൾ ഫുഡ് പാർസൽ വാങ്ങി. ബസിൽ കൈയും തലയും പുറത്തിടരുത് എന്ന ബോർഡ് നമ്മൾ എല്ലാവരും കണ്ടവരായിരിക്കും, എന്നാൽ ഒരു ചെക്ക്പോസ്റ്റ് കടക്കലും ഡ്രൈവറും കണ്ടക്ടർ ഒരേ സ്വരത്തിൽ പറഞ്ഞു ആരും കൈയും തലയും പുറത്തിടരുത്, ഇനിയാണ് ശരിക്കും കാട്ടിലൂടെയുള്ള യാത്ര ഇരുവശത്തും റോഡിലേക്ക് തള്ളി നിൽക്കുന്ന മരങ്ങൾ, കഷ്ടിച്ച് ഒരു വണ്ടിക്ക് മാത്രം പോകാൻ കഴിയുന്ന നല്ല മനോഹരമായ പാത, മുന്നോട്ട്പോകുന്തോറും കാടും തണുപ്പും കൂടി വന്നു, ആ ഇടുങ്ങിയ റോഡിലൂടെ എതിരെ ഒരു ആനവണ്ടി വന്നപ്പോൾ വണ്ടി നിയന്ത്രിച്ച ഡ്രൈവർക്ക് എഴുന്നേറ്റു ഒരു സല്യൂട്ട് അടിക്കാൻ തോന്നി.

കുറച്ചു പോലീസുകാരും, kseb ഉദ്യോഗസ്ഥർ, പിന്നെ നമ്മളെ പോലെ ഗവി കാണാൻ വന്ന കുറച്ച് യാത്രാപ്രേമികൾ മാത്രമായിരുന്നു അപ്പോൾ വണ്ടിയിലുണ്ടായിരുന്നത്. അതിനിടയിൽ എങ്ങനെയോ ബസ്സിലിരുന്ന് തന്നെ ഭക്ഷണം കഴിച്ചു. പ്ലാസ്റ്റിക് കവർ വലിച്ചെറിയാതെ ബാഗിൽ തന്നെ സൂക്ഷിച്ചു, സീറ്റിൽ നിന്നെഴുന്നേറ്റ് ഡ്രൈവറുടെ സമീപം പോയിരുന്നു. പുള്ളി വാതോരാതെ സംസാരിക്കുന്നു, വന്യജീവികളെ യാത്രക്കിടയിൽ സ്ഥിരം കാണാറുണ്ട് പോലും .എവിടെങ്കിലും നല്ല വ്യൂപോയിന്റിൽ നിർത്തി തരണമെന്ന് പുള്ളിയോട് പറഞ്ഞു. കുറച്ചു ദൂരം സഞ്ചരിച്ചപ്പോൾ ഒരുമനോഹരമായ പുല്ലുകിടികൾ നിറഞ്ഞ കുന്നിൻ താഴ്വാരത്ത് ഡ്രൈവർ വണ്ടി ഒതുക്കി, പഞ്ചർ ആയതാണെന്ന് കരുതിയത്, പക്ഷെ . മനോഹരമായ കക്കി ഡാമിന്റെ സമീപമാണത്.

അൽപനേരം കാഴ്ചകാണാനും ഫോട്ടോ എടുക്കാനുമൊക്കെ വേണ്ടി നിറുത്തിയതാണ്. ജംഗിൾ റൈഡറെ ബാക്ഗ്രൗണ്ടിലാക്കി സാഹസിക ഡ്രൈവറോടൊപ്പം ഫോട്ടോ എടുത്തു.

വണ്ടി പിന്നെയും മുന്നോട്ട് കുതിച്ചു, യാത്രയെ ഹരം കൊള്ളിച്ചുകൊണ്ട് ചെറിയ ചാറ്റൽമഴ പെയ്തു, ആനത്തോട് ഡാം , കൊച്ചുപമ്പ ഡാം, പിന്നെയും കുറെ ഡാമുകൾക്ക് മുകളിലൂടെ ജംഗിൾ റൈഡർ മുന്നോട്ട് നീങ്ങി. മുഷിയ്യാത്ത യാത്ര, ഒരുപാട് ഡാമുകൾ കണ്ടിട്ടുണ്ടെങ്കിലും

ഡാമിനുമുകളിൽക്കൂടെ ഒരു ബസ്സ് യാത്ര ആദ്യമായിരുന്നു, കാഴ്ചകൾ ഓരോന്നും അവിസ്മരണീയമായിരുന്നു. പിന്നെയും മുന്നോട്ട് പോയി , കാട്ടിനുള്ളിലെ ഒരു ക്യാന്റീനു സമീപം നിർത്തി , തണുത്തനിൽക്കുന്ന ആ സമയത്ത് കട്ടൻചായ വളരെയേറെ ആശ്വാസം നൽകി, അല്പം അവിടെ ചിലവഴിച്ചു, ധാരാളം ഫോട്ടോസ് എടുത്തു , ഇനിയും അല്പം കൂടി സഞ്ചരിക്കാനുണ്ട്, നേരം ഇരുട്ടിത്തുടങ്ങിയിരുന്നു, മലഞ്ചെരുവിൽ ഒരു ആന നിൽക്കുന്നുണ്ടെന്ന് ഡ്രൈവർ പറഞ്ഞു , നിർഭാഗ്യവശാൽ എനിക്ക് കാണാൻ കഴിഞ്ഞില്ല, പെരിയാർ ടൈഗർ റിസർവ് ഫോറെസ്റ്റിനുള്ളിലൂടെ നമ്മുടെ കുട്ടികൊമ്പൻ കുതിച്ചു. 12:30നു തുടങ്ങിയ യാത്ര അവസാനം 6:45 നു പെരിയാർ വന്യ ജീവി സങ്കേതത്തിന്റെ അവസാന ഗേറ്റും കടന്നു



രാവിലത്തെ ബസ്സ് മിസ്സായതിനാൽ പരുന്തുംപാറ എന്ന മനോഹര വ്യൂപോയിന്റ് സന്ദർശിക്കാൻ സാധിച്ചില്ല . വണ്ടിപ്പെരിയാറിൽ ഇറങ്ങി കോട്ടയത്തേക്കുള്ള മൂന്നു മണിക്കൂർ ksrtc യാത്രക്ക് ശേഷം കോട്ടയം റെയിൽവേ സ്റ്റേഷനിൽ നിന്ന് കോഴിക്കോടേക്ക് രാത്രി 11: 30 നു യാത്ര തിരിച്ചു...

ഗവിയിൽ എന്താണ് കാണാനുള്ളത് എന്ന് ചോദിക്കുന്നവരോട്.. അങ്ങോട്ടുള്ള യാത്രയാണ് അടിപൊളി, ksrtc ക്ക് പുറമെ സ്വന്തം വാഹനത്തിലും പോകാം പക്ഷേ ആങ്ങമുഴി ചെക്പോസ്റ്റിൽ നിന്നും പാസ്സെടുക്കണം, ദിനം പ്രതി നിശ്ചിത വാഹങ്ങൾ മാത്രമേ കടത്തിവിടുകയുള്ളൂ. ബൈക്ക് യാത്ര അനുവദിക്കുന്നതല്ല... ഒരു ദിനം മാറ്റിവെച്ചാൽ നിങ്ങൾ ഇഷ്ടപ്പെട്ടവരോടൊപ്പം എന്നെന്നും ഓർക്കാൻ ഒരടിപൊളി റോഡ്ട്രിപ്പ് ആയിരിക്കും ഗവി യാത്ര.

**ബാസിത് ആക്കോട്**
**അറബിക് അധ്യാപകൻ**

# കാത്തിരിപ്പ്

പുഴയുടെ വിരിമാറിൽ
തല ചായ്ച്ചുറങ്ങുവാൻ
കുളിർ നീരുറവയ്ക്ക് ദാഹം
തളിർമരച്ചില്ലയിൽ
താളം ചവിട്ടുവാൻ
കിളിമകൾക്കെന്തൊരു മോഹം.
തഴുകുന്നതെന്നലിൻ
താരാട്ടിലലിയുവാൻ
തരുനിരയ്ക്കെന്തൊരു മോഹം
പുതുമഴപെയ്ത്തിനാൽ
നനഞ്ഞൊന്നുണരുവാൻ
പുൽക്കൊടിത്തുമ്പിനുംമോഹം.
വെയിലിൻ ചെറുചൂടേറ്റ്
പുതുമഞ്ഞിൻകുളിരായും
മഴ പെയ്ത്തിൻ നനവായും
കാറ്റേറ്റ് മയങ്ങാനും
കൊതിയോടെ നോവോടെ
വഴിപാടും നോമ്പുമായി
തളരാതെ വീഴാതെ
കാത്തിരിപ്പൂ
കരുതലിൻ കാവലായി ഭൂമിയമ്മ.

**രേഖ ആർ**
**മലയാളം അധ്യാപിക**

# തുടക്കത്തിൽ തന്നെ ഒടുക്കവും

എന്നാണ് ഇതിനൊരു ഒടുക്കം
ബാല്യജീവിതത്തിലെ കണ്ണീർ ദിനങ്ങൾ ..........!
ഇഷ്ടപ്പെട്ടവരെ നഷ്ടപ്പെടുന്നു .........
സേവകരില്ല സംരക്ഷകരില്ല ........
ആരാണ് ?എന്താണ് ?എന്തിനാണ് ?
ഒന്നും അറിയാതെ അലഞ്ഞുതിരിഞ്ഞു –
നടക്കുന്ന പിഞ്ചുമനസ്സുകൾ .........
ഇവർക്കൊന്നു നിർത്തിക്കൂടെ ......!
ആരോരും ഇല്ലാത്ത ബാല്യങ്ങൾക്ക് ഒരു –
കാവലായി......... കരുതലായി......
ഓരോ കല്ലുകളും പിടഞ്ഞു വീഴുമ്പോഴും –
മനസ്സിൽ എന്തെന്നില്ലാത്ത ഒരു വെപ്രാളം........!
സംരക്ഷകരെ നഷ്ടപ്പെടുമോ എന്നുള്ള ഭയം ..........!
ഓരോ വെടിയുണ്ടകൾക്കും സാക്ഷികളായി .........
ദൈവത്തിന്റെ അടുക്കൽ ആ ബാല്യങ്ങൾക്ക് ഒരു –
സ്ഥാനം കൊടുക്കാൻ കൈകൾ ഉയർത്തുക.........
അവര് പറയും നാളെ അവരുടെ വെടിയുണ്ട–
കളെപ്പറ്റി...... ഞങ്ങൾ പലസ്തീൻ ജനത
ഞങ്ങൾ സംരക്ഷിക്കും ആ ഓരോ ഓർമ്മകളും ........
പകരത്തിനു ........പകരമായി...........!

നാജിയ സി
9A

# بارش

آیا آیا بادل آیا
کالا کالا بادل آیا
بارش بارش آؤ بارش
پانی دل میں برساؤ بارش
ندی میں پانی برساؤ بارش
چمن میں پانی برساؤ بارش
آئی آئی بارش آئی
من میں آئی خوشیالی
چمن کو دیتی رنگوالی
کھیت کو دیتی ہریالی

Nasrin 9B

# Our Sports Team............







ജില്ലാ സബ് ജൂനിയർ വോളിബോൾ

## വെറ്റിലപ്പാറയും കൊളപ്പുറവും ജേതാക്കൾ

വോളിബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ ജി.എച്ച്.എസ്.എസ്. കൊളപ്പുറം

ആൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ എൻ.വൈ.എ.എസ്.സി. വെറ്റിലപ്പാറ

മലപ്പുറം ▸ ജില്ലാ വോളിബോൾ ടെക്നിക്കൽ കമ്മിറ്റിയും എൻ.വൈ.സി. അരിമ്പ്രയും നടത്തിയ ജില്ലാ സബ് ജൂനിയർ വോളിബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ജി.എച്ച്.എസ്.എസ്. കൊളപ്പുറം ജേതാക്കളായി. എ.എസ്.എം.എച്ച്.എസ്.എസ്. വെളിയഞ്ചേരിയെയാണ് പരാജയപ്പെടുത്തിയത്. ആൺകുട്ടികളുടെ വിഭാഗത്തിൽ എൻ.വൈ.എ.എസ്.സി. വെറ്റിലപ്പാറ പി.എഫ്.എ. പൊലിശ്ശേരിയെ പരാജയപ്പെടുത്തി ചാമ്പ്യന്മാരായി.

ജി.എച്ച്.എസ്. മൊറയൂർ ഇരു വിഭാഗങ്ങളിലും മൂന്നാം സ്ഥാനം കരസ്ഥമാക്കി. വിജയികൾക്ക് ജി.എച്ച്.എസ്.എസ്. അരിമ്പ്ര സ്കൂൾ പ്രിൻസിപ്പൽ എൻ. അലി ട്രോഫികൾ നൽകി. പ്രൊഫ. കെ.എം. അബൂബക്കർ, പി. അബ്ദുൽ മജീദ്, ടി.എം. ശിഹാബ്, കെ.ടി. അബ്ദുൽ മജീദ്, എം. അബ്ദുള്ള, സി. ബാവ, കെ.വി. മുഹമ്മദ് ശരീഫ് എന്നിവർ പ്രസംഗിച്ചു.




മാധ്യമം

# ജില്ല സബ് ജൂനിയർ വോളി: വെറ്റിലപ്പാറയും കൊളപ്പുറവും ചാമ്പ്യന്മാർ


**മലപ്പുറം:** ജില്ല വോളിബാൾ ടെക്നിക്കൽ കമ്മിറ്റിയും എൻ.വൈ.സി അരിമ്പ്രയും സംയുക്തമായി സംഘടിപ്പിച്ച ജില്ല സബ് ജൂനിയർ വോളിയിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ എൻ.വൈ.എ.എസ്.സി വെറ്റിലപ്പാറ പി.എഫ്.എ പൊലിശ്ശേരിയെ തോൽപ്പിച്ച് ജേതാക്കളായി.

പെൺകുട്ടികളുടെ വിഭാഗത്തിൽ ജി.എച്ച്.എസ്.എസ് കൊളപ്പുറം എ.എസ്.എം.എച്ച്.എസ്.എസ് വെള്ളിയഞ്ചേരിയെ തോൽപ്പിച്ച് ജേതാക്കളായി. ജി.എച്ച്.എസ് മൊറയൂർ ഇരുവിഭാഗങ്ങളിലും മൂന്നാംസ്ഥാനം നേടി.

വിജയികൾക്ക് ജി.എച്ച്.എസ്.എസ് അരിമ്പ്ര സ്കൂൾ പ്രിൻസിപ്പൽ എൻ. അലി ട്രോഫികൾ നൽകി. പ്രഫ. കെ.എം. അബൂബക്കർ, പി.ടി.എ പ്രസിഡന്റ് പി. അബ്ദുൽ മജീദ്, ടെക്നിക്കൽ കമ്മിറ്റി ജില്ല ചെയർമാൻ ടി.എം. ശിഹാബ്, അംഗങ്ങളായ കെ.ടി. അബ്ദുൽ മജീദ്, എം. അബ്ദുല്ല, സി. ബാവ എന്നിവർ സംസാരിച്ചു.


കൺവീനർ കെ.വി. മുഹമ്മദ് ശരീഫ് സ്വാഗതം പറഞ്ഞു.

# ചിത്രങ്ങൾ





FATHIMA RISHA T 6B

ADHINATH E 9B





Hamna Noura P.K.
4.B


Faiha Fathima. 4A








SHAMVEEL C K 4A




MUHAMMED SWALIH
4B







FATHIMA HIBA N 4B



ATHEENDRA NATH E 9B


Fathima Zahrin
6A


FATHIMA RINSHA. P VI-B



## മുഹമ്മദ് ഫഹീം എം വി

## ചീഫ് എഡിറ്റർ

2022–2025 ലിറ്റിൽ കൈറ്റ്സ് ബാച്ചിലെ ഞങ്ങൾ തയ്യാറാക്കിയ ഇതളുകൾ എന്ന ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ മുന്നിലെത്തിക്കാനുള്ള ശ്രമത്തിൽ ഞങ്ങളെ സഹായിച്ചവർ നിരവധിയാണ്.....

നമ്മുടെ ബഹുമാനപ്പെട്ട HM ഡാലി ടീച്ചർ, കൈറ്റ് മിസ്ട്രസ്സ്മാരായ സിന്ധു ടീച്ചർ, സതി ടീച്ചർ, ഫോട്ടോ എടുക്കാൻ നമ്മുടെ കൂടെ നിന്ന ബാസിത് സർ, കഥകളും കവിതകളും ചിത്രങ്ങളും കൊണ്ട് ഇതളുകൾ നിറച്ച പ്രിയ അധ്യാപകർ, കൂട്ടുകാർ നന്ദി..... ഈ ഇതളുകളുടെ സുഗന്ധം നിങ്ങളിൽ എന്നും വ്യാപിക്കട്ടെ എന്ന ആശംസയോടെ...

സ്നേഹപൂർവ്വം എഡിറ്റർ